കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

E-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെഎസ്എ/കെഎൻആർ/സി13/304/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001
E-mail : lfaddistofficeknr@gmail.com
:doknr.ksad@kerala.gov.in
Phone: 0497 2707698

തീയതി: 23-03-2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖേന),
തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം:-തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

*********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് –പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്‌രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)

3) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

PVP

നം.കെഎസ്എ/കെഎൻആർ/സി3/304/2016.

തീയതി : 23-03-2017.

# കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07-02-2016 തീയ്യതി മുതൽ 31-03-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ്നടത്തിയതിന്റെവിവരം

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-02-2017 മുതൽ 01-03-2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.വർഗ്ഗീസ് ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.കെ.വി. സുരേഷ് ബാബു | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.സുധീഷ് എം.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷീല കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മനു തോമസ് | 01-04-2015 മുതൽ 31-10-2015 വരെ |
| | ശ്രീമതി. ടി.ലത. | 19-11-2015 മുതൽ 31-03-2016 വരെ |
| ഭരണനിർവഹണകമ്മറ്റി | ശ്രീ ടി.വിശ്വനാഥൻ,സെക്രട്ടറി | 01-11-2015 മുതൽ 18-11-2015 വരെ |
| | ശ്രീ.കെ.എൻ. ബിജോയ്, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | |
| സെക്രട്ടറി | ശ്രീ.കെ. പ്രദീപൻ | 01-04-2015 മുതൽ 30-09-2015 FN വരെ |
| | ശ്രീ.എ.ബാലകൃഷ്ണൻ | 01-10-2015 മുതൽ 07-10-2015 വരെ |
| | ശ്രീ.ടി. വിശ്വനാഥൻ | 08-10-2015 AN മുതൽ 16-12-2015 വരെ |
| | ശ്രീ.ബി.ഉത്തമൻ | 17-12-2015 മുതൽ 31-01-2016 വരെ |
| | ശ്രീ.എം. സുരേശൻ | 01-02-2016 മുതൽ 11-02-2016 വരെ |
| | ശ്രീ.ജോർജ്ജ് ജോസഫ് | 12-02-2016 മുതൽ 31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | ശ്രീ.കെ.എൻ.ബിജോയ് | 01-04-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | ശ്രീമതി.കെ.അനില | 01-04-2015 മുതൽ 23-03-2016 വരെ |
| | ശ്രീ.ബിജു ജോസഫ് (കൃഷി ഓഫീസർ, ചെങ്ങളായി | 24-03-2016 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| | -അഡീഷണൽ ചാർജ്) | |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.ഹർഷ വി.എസ്. | 01-04-2015 മുതൽ 31-03-2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി ഇ.ടി. സാവിത്രി | 01-04-2015 മുതൽ 31-03-2016 വരെ |
| ശിശുവികസന പ്രോജക്ട് ഓഫീസർ | ശ്രീമതി ശാന്ത.ടി. (ഐസിഡിഎസ് സൂപ്പർവൈസർ-ഇൻചാർജ്) | 01-04-2015 മുതൽ 14-06-2015 വരെ |
| | ശ്രീമതി. റഷീദാ ബീവി.എ. | 15-06-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി),ഒട്ടുവള്ളിത്തട്ട് | ഡോ:ബിനോ ജോസ് | 01-04-15മുതൽ 27-05-2015 വരെ |
| | ഡോ:സ്നേഹലത പോള | 28-05-15 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| | ഭാഗം-1 –പൊതു അവലോകനം | |
| 1-1 | ബജറ്റ് | |
| 1-2 | വാർഷിക ധനകാര്യ പത്രിക | |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 1-4 | സാമ്പത്തിക വിശകലനം | |
| 1-5 | ഫണ്ട് വിനിയോഗം | |
| 1-6 | പദ്ധതി അവലോകനം | |
| 1-7 | തനത് വരുമാനം | |

| | | |
|---|---|---|
| 1-8 | ക്യാഷ് വെരിഫിക്കേഷൻ | |
| 1-9 | ആഭ്യന്തര നിയന്ത്രണം | |
| 1-10 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച | |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| | ഭാഗം-2- വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 86,200/- രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല | |
| 2-2 | തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ് വാടക ഡിമാന്റ് ചെയ്യുന്നതിലെയും ഈടാക്കുന്നതിലെയും വീഴ്ചകൾ | |
| 2-3 | രസീത്, വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | |
| | ഭാഗം-3-ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വാഹന വാടക – ട്രിപ്പ് ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്താതെ വാടക നൽകി- 23,650/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 3-2 | ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. | |
| 3-3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – രജിസ്റ്ററുകൾ ഹാജരാക്കിയില്ല | |
| 3-4 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ – നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇൻസിനറേറ്റർ തന്നെയാണോ സ്ഥാപിച്ചതെന്ന സാക്ഷ്യപത്രമില്ല. | |
| 3-5 | ആസ്പത്രി മാനേജിംഗ് കമ്മറ്റി കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിൽ വീഴ്ചകൾ | |
| 3-6 | മിനി ട്രാക്ടർ ഉപയോഗിക്കാൻ ആരംഭിച്ചിട്ടില്ല - 5,92,560/- രൂപ | |

| | | |
|---|---|---|
| | തടസപ്പെടുത്തുന്നു | |
| 3-7 | ഐ.എ.വൈ. പദ്ധതി- ലഭിക്കാനുള്ള സംസ്ഥാന വിഹിതം 2,35,81,000/- രൂപ -സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ പദ്ധതിനിർവഹണം തടസ്സപ്പെടുന്നു | |
| 3-8 | ഐ.ഡബ്ല്യു.എം.പി.പദ്ധതി-ആകെ ചെലവ് അഞ്ച് ശതമാനത്തിൽ താഴെ മാത്രം.നടപടിക്രമങ്ങൾ പാലിക്കാതെ ചെലവഴിച്ച 60,000/- രൂപ തടസപ്പെടുത്തുന്നു | |
| 3-9 | കേന്ദ്ര ഫണ്ടുകൾ അക്കൌണ്ടിൽ ചെലവഴിക്കാതെ നിഷ്ക്രിയമായി കിടക്കുന്നു | |
| | ഭാഗം-4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് | |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ | |
| 4-6 | ഓഡിറ്റ് റിക്കവറി | |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം | |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 23-03-2015 തീയതിയിലെ 359-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+),(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 21,88,000 | | | | |
| വരവ് | 49,48,18,000 | 23,11,26,677 | | 26,36,91,323 | (-)53.29 |
| ആകെ | 49,70,06,000 | | | | |
| ചെലവ് | 49,62,63,250 | 22,67,69,751 | | 26,94,93,499 | (-)54.30 |
| നീക്കീയിരിപ്പ് | 7,42,750 | | | | |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവിനേക്കാൾ 53.29 ശതമാനം കുറവാണ് യഥാർത്ഥ വരവ്. യഥാർത്ഥ ചെലവ് പ്രതീക്ഷിത ചെലവിനേക്കാൾ 54.30 ശതമാനമാണ് കുറവുള്ളത്. വരവ്-ചെലവുകൾ പെരുപ്പിച്ച് കാണിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥ്യ ബോധത്തോടെയും ശാസ്ത്രീയമായും ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | റിമാർക്സ് |
|---|---|---|---|---|
| 2015-16 | 31-07-2016 | 20-02-17 | തിരിച്ചയച്ചിട്ടില്ല. | വാർഷികധനകാര്യപത്രിക മാന്വലായി സമർപ്പിച്ചത് 20-02-17-ന് മാത്രമാണ്. 07-10-2016-ന് ഓൺലൈൻ സബ്മിഷൻ |

| | | | | |
|---|---|---|---|---|
| | | | | നടത്തിയിട്ടുണ്ട്. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 25-02-2017 | വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം (Qualified Certificate) |

വാർഷിക കണക്കിലെ അപാകതകൾ:

സ്ഥാപനത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) കേന്ദ്രാവിഷ്കൃത ഫണ്ടുകളായ IWMP, IAY എന്നിവയുടെ മുൻബാക്കി, വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ വാർഷിക ധനകാര്യ പത്രിക പ്രകാരം ഉള്ള കണക്കുകളുമായും ബന്ധപ്പെട്ട ട്രഷറി-ബേങ്ക് സ്റ്റേറ്റ്മെന്റുകളുമായും പൊരുത്തപ്പെടുന്നില്ല.

2) ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ബി7 ഷെഡ്യൂൾ, ബി9 ഷെഡ്യൂളിലെ മുൻകൂർ കളക്ഷൻ എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വാടക രജിസ്റ്റർ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ഇതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. (ബി15 ഷെഡ്യൂൾ, ഐ3 ഷെഡ്യൂൾ, ആർ.പി.43 ഷെഡ്യൂൾ).

4) മുൻകൂർ യാത്രാപ്പടി, താല്ക്കാലിക മുൻകൂർ എന്നിവയുടെ പരിശോധനക്കായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

5) ഐ.എ.വൈ. പദ്ധതിക്കായി ബി4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ച തുക ബി17 ഷെഡ്യൂളിലെ ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുന്നില്ല.

6) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

7) IAY ലോൺ തുക തിരികെ അടക്കാനുള്ളത് ബാലൻസ് ഷീറ്റിലെ Prepaid Programme എന്ന ഇനത്തിൽ ആസ്തി ഭാഗത്ത് ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,33,21,053 |
| വരവ് | 23,11,26,677 |

| | |
|---|---|
| ആകെ | 26,44,47,730 |
| ചെലവ് | 22,67,69,751 |
| നീക്കിയിരിപ്പ് | 3,76,77,979 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 38,46,666 | 3,93,58,599 | 4,32,05,265 | 4,32,05,265 | 0 | 100 |
| വികസനഫണ്ട് (എസ്.സി.പി) | 29,15,557 | 80,10,785 | 1,09,26,342 | 1,09,26,342 | 0 | 100 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 92,000 | 92,000 | 92,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 76,329 | 39,58,991 | 40,35,320 | 40,35,320 | 0 | 100 |
| കേന്ദ്രാവിഷ്കൃതഫണ്ട് | 2,28,12,729 | 17,50,35,380 | 19,78,48,109 | 16,23,18,074 | 3,55,30,035 | 82 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-2016 | 91 | 222008911 | 80 | 61205451 | 10 | 1 | 88 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| വർഷം | 2014-2015 | 2015-16 |
|---|---|---|

| | | |
|---|---|---|
| ഇനം | | |
| നികുതി വരവുകൾ | 0 | 0 |
| നികുതിയേതര വരവുകൾ | 31,67,212 | 65,33,442 |
| മറ്റുവരവുകൾ | 28,00,000 | 0 |
| ആകെ | 59,67,212 | 65,33,442 |

നികുതിയേതര വരുമാനത്തിൽ 2015-16 വർഷത്തിൽ വർദ്ധനവ് കൈവരിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-02-2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന സമയത്ത് ക്യാഷ് നീക്കിയിരിപ്പില്ല.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പേഴ്സണൽ രജിസ്റ്ററിൽ തപാൽ ലഭിച്ച വിവരങ്ങൾ മാത്രമാണ് ജീവനക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. തപാലുകളിൽ സ്വീകരിച്ച തുടർനടപടികളുടെയും തീർപ്പാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുകയോ പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. എം ഒ പി ഖണ്ഡിക 154(1) പ്രകാരം സൂക്ഷിക്കേണ്ട കോൾ ബുക്ക് സൂക്ഷിച്ചിട്ടില്ല. എം ഒ പി 154(2) പ്രകാരം സൂക്ഷിക്കേണ്ട റിമൈൻഡർ ഡയറി സൂക്ഷിച്ചു വരുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 156, 157 എന്നിവ പ്രകാരം തയ്യാറാക്കേണ്ട സർവ്വേ റിപ്പോർട്ട് ഓഫ് സ്റ്റോഴ്സ്, റിപ്പോർട്ട് ഓഫ് സർപ്ലസ് സ്റ്റോഴ്സ് ഫോർ ഡിസ്പോസൽ എന്നിവ തയ്യാറാക്കിയിട്ടില്ല. ഐഡന്റിഫിക്കേഷൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫർണിച്ചറുകൾ ഏത് സാമ്പത്തികവർഷ കാലയളവിൽ വാങ്ങിയവയാണെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ വാങ്ങിയ കമ്പ്യൂട്ടറുകളുടെ ഹാർഡ് വേർ, സോഫ്റ്റ് വെയർ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച.

06-08-2012-ലെ സ.ഉ.(കൈ) നം.212/12, 18-07-2013-ലെ സ.ഉ.(കൈ) നം. 255/13 എന്നീ ഉത്തരവുകൾ പ്രകാരം എല്ലാ ആസ്തികളും സചിത്ര സോഫ്റ്റ് വെയർ മുഖേന രേഖപ്പെടുത്തേണ്ടതും നേരത്തേ രേഖപ്പെടുത്തിയ റോഡുകളുടെ നീളം, ഭൂമിയുടേയും കെട്ടിടങ്ങളുടേയും വിസ്തൃതി തുടങ്ങിയ ആസ്തി സംബന്ധമായ അളവുകൾ നിർദ്ദേശിച്ച യൂണിറ്റുകളിലാക്കി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് എന്നും ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കിയ പ്രസ്തുത ആസ്തി രജിസ്റ്റർ ശില്പശാലകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കിയ ഡാറ്റാബേസിന് ബന്ധപ്പെട്ട ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ആസ്തികളിൽ കാലികമായ മാറ്റം വരുത്തി സാക്ഷ്യപ്പെടുത്തുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന ഏത് ആസ്തികളിലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കേണ്ടത് ആസ്തി രജിസ്റ്ററിനെ അടിസ്ഥാനമാക്കിയാണ് എന്നിരിക്കേ പ്രസ്തുത രജിസ്റ്റർ കുറ്റമറ്റതാക്കാത്തത് വീഴ്ചയായിട്ടാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ആസ്തി രജിസ്റ്ററിൽ കാലികമായ മാറ്റങ്ങൾ വരുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

<u>റോഡുകളുടെ നിർമ്മാണം – ഗ്രാമപഞ്ചായത്തുകൾക്ക് വിവരം കൈമാറിയിട്ടില്ല:</u>

ബ്ലോക്ക് പഞ്ചായത്ത് നിർവഹണം നടത്തുന്ന ഗ്രാമപഞ്ചായത്ത് റോഡുകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിലാണ് ഉൾപ്പെടുത്തേണ്ടത്. ഇതിനായി വിവരങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഒരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് നിർവഹണം നടത്തുന്ന ഗ്രാമപഞ്ചായത്ത് റോഡുകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-12-2015 മുതൽ 15-01-2016 വരെ | 2014-2015 | ആർ.ഡി.6/2681/2011(പി.എ) തീയതി 20-08-2016. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-12-2014 മുതൽ 07-01-2015വരെ | 2009-10 മുതൽ 2013-14 വരെ | നമ്പർ.എൽ.ബി.എ(എച്ച്-ക്യൂ) 4/8എ-2240/14-15/387 തീയതി 10-03-2015. |

# ഭാഗം-2

## <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ് വാടക ഡിമാന്റ് ചെയ്യുന്നതിലെയും ഈടാക്കുന്നതിലെയും വീഴ്ചകൾ

തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) വാടക കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതുക്കി നൽകുന്നില്ല

പഞ്ചായത്ത് ഡയറക്ടറുടെ 08-03-2000-ലെ സി5-43163/99/കെ.ഡിസ്. ഉത്തരവ് പ്രകാരം അംഗീകരിച്ച തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് വക മിനി വ്യവസായ എസ്റ്റേറ്റ് ബൈലോ, ഖണ്ഡിക 6 പ്രകാരം, തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് വക മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് ഉപയോഗിക്കുന്നതിനുള്ള അവകാശം നൽകുമ്പോൾ, മുറി വാടകയ്ക്ക് നൽകുന്നയാളുമായി 3 വർഷക്കാലത്തേക്ക് വാടക നിശ്ചയിച്ച് എഗ്രിമെന്റ് വയ്ക്കേണ്ടതും, 3 വർഷക്കാലാവധിക്കു ശേഷം, പഞ്ചായത്ത് ഭരണസമിതിക്ക് നിലവിലുള്ള വാടകയുടെ 5% മുതൽ 15% വരെ അധികം നിശ്ചയിച്ച് തുടർവർഷങ്ങളിൽ കൈവശക്കാരന് തന്നെ മുറികൾ നൽകാവുന്നതാണ്. അല്ലാത്തപക്ഷം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യേണ്ടതാണ്. എന്നാൽ വാടക കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നിലവിലുള്ള വാടക പുതുക്കുന്നതിന് നടപടി സ്വീകരിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അലംഭാവം വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കൈവശക്കാരന്റെ പേര് | മുറിയുടെ നമ്പർ | എഗ്രിമെന്റ് തീയതി | പുതുക്കേണ്ട തീയതി | നൽകി വരുന്ന വാടക |
|---|---|---|---|---|---|
| 1 | മുഹമ്മദ് ഷഹീർ | KP-V/229 കുറുമാത്തൂർ | 05-01-2010 | 05-01-2013 | 1,500/- |
| 2 | പി.ബാലകൃഷ്ണൻ | KP-VI/250 കുറുമാത്തൂർ | 12-12-2012 | 12-12-2015 | 2,000/- |
| 3 | കെ.പി.അബ്ദുൾനാസർ | KP-V/226,227 കുറുമാത്തൂർ | 09-02-2011 | 09-02-2014 | 2,000+2,000/- |
| 4 | സോഫിയ പി.കെ. | ധർമ്മശാല KP-V/536/B | 05-06-12 | 5-6-15 | 1,500/- |
| 5 | അക്ഷയകുടുംബശ്രീ | KP-V/536/F | 15-12-2011 | 15-12-2014 | 1,100/- |
| 6 | അംബിക കെ. | PP-VI/454<br>464<br>467 | 20-08-2010<br>21-10-2011<br>21-10-2011 | 20-08-2013<br>21-10-2014<br>21-10-2014 | 2,000/-<br>2,000/-<br>2,000/- |
| 7 | കെ.പി.മുഹമ്മദ്അഷറഫ് | PP-V/460 | 18-02-2011 | 18-02-2014 | 1,500/- |
| 8 | ബാബു കെ.പി. | PP-IV/468 | 23-11-2010 | 23-11-2013 | 2,000/- |

എഗ്രിമെന്റ് കാലാവധി തീരുന്ന മുറയ്ക്ക് കൈവശക്കാരന് നോട്ടീസ് മുഖാന്തിരം വിവരം അറിയിച്ച്, നിലവിലുള്ള വാടകയിൽ വർദ്ധനവ് വരുത്താത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

2) കൈവശക്കാർ വാടക ഒടുക്കിയിട്ടില്ല.

തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിലെ മിനി വ്യവസായ എസ്റ്റേറ്റിലെ മുറികൾ ലൈസൻസ് വ്യവസ്ഥയിൽ കൈവശം വെച്ചിരിക്കുന്ന താഴെ പറയുന്ന ലൈസൻസികൾ പട്ടികയിൽ കാണിച്ചിരിക്കുന്ന കാലയളവുകളിൽ വാടക ഒടുക്കിയിട്ടില്ല.

| ക്രമ നം. | കൈവശക്കാരന്റെ പേര് | മുറിയുടെ നമ്പർ | വാടക | എഗ്രിമെന്റ് തീയതി | വാടക ഒടുക്കേണ്ട കാലയളവ് |
|---|---|---|---|---|---|
| 1 | ജോസ് തോമസ് | AP-VII/326 H, നെല്ലിപ്പാറ | 1500/- | 05-06-2013 | 2014 ഡിസംബർ മുതൽ |
| 2 | ജോൺസൺ സി.ജെ. | XV/355നെല്ലിപ്പാറ | 1500/- | 05-08-2009 | 2010 ജൂൺ മുതൽ |
| 3 | കെ.പി.അബ്ദുൾനാസർ | KP-V/226, 227 | 2000/- 2000/- | 09-02-2011 | 2014-15 2015-16 |
| 4 | സോഫിയ സി.എച്ച്. | ധർമ്മശാല KP-V/536/B | 1500/- | 05-06-2012 | 2014 ഫെബ്രുവരിമുതൽ |

2015-16-ലെ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക അക്കൗണ്ട് പ്രകാരം ഈ സാമ്പത്തിക വർഷം 3,06,078/- രൂപ വാടക കുടിശ്ശികയായിട്ടുണ്ട്.

2015-16 വർഷത്തെ വാടക സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ, രജിസ്റ്ററുകളിൽ റൂം നമ്പർ, വാടകക്കാലയളവ്, ഫയൽ നമ്പർ എന്നിവ രേഖപ്പെടുത്തുകയോ, രജിസ്റ്ററുകളിൽ സാമ്പത്തിക വർഷം ലഭ്യമായ വാടക പേജ് ടോട്ടൽ ചെയ്ത് സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.

മേൽ കൈവശക്കാർ വാടക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം വാടക കുടിശ്ശിക പിഴപ്പലിശയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3) വാടക സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള നിയമാവലി പ്രകാരം മൂന്നു വർഷത്തേക്കാണ് വാടക നിശ്ചയിച്ച് കരാർ വയ്ക്കുന്നത്. ആയതു പ്രകാരം മൂന്നു വർഷ കാലയളവിനു ശേഷം, തുടർവർഷങ്ങളിൽ ഓരോ വർഷവും കരാർ പുതുക്കി

സമർപ്പിക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ഫയൽ നം. ബി2-1582/2011 :- നെല്ലിപ്പറമ്പ മിനി വ്യവസായ എസ്റ്റേറ്റ്, ലൈസൻസി ശ്രീ. ഒ.വി. രാജൻ.

10-6-2011-ലെ 62-ാം നമ്പർ തീരുമാന പ്രകാരം 13-09-2011 മുതൽ റൂം നമ്പർ PP-VI/462 ഉപയോഗിക്കുന്നതിനുള്ള അവകാശം ശ്രീ. ഒ.വി.രാജന് നൽകിയതുമായി ബന്ധപ്പെട്ട ഫയലിൽ 01-10-2013 വരെ വാടക നൽകിയതിന്റെ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. അതിനു ശേഷം പ്രസ്തുത കാലയളവിലും, 2014-15, 2015-2016 വർഷങ്ങളിലും ടിയാൻ വാടക ഒടുക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ടിയാന് അറിയിപ്പ് നൽകുന്നതിന് വേണ്ടിയുള്ള രേഖപ്പെടുത്തലുകൾ വരുത്തിയത് 17-12-2016-ന് മാത്രമാണ്.

ഫയൽ നം. ഡി-330/2010 :- ലൈസൻസി, ശ്രീ.രതീഷ് കുമാർ, നടുവിൽ.

VI/459 നമ്പർ മുറി ഉപയോഗിക്കുന്നതിനുള്ള അവകാശം ശ്രീ. രതീഷ്കുമാറിന് നൽകുന്നതിന് വേണ്ടി 25-01-2010-ലെ VIII/5/10 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും, 22-02-2010-ന് എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. ടിയാൾ 17-10-2013 വരെ വാടക ഒടുക്കിയതിന്റെ വിവരം ഫയലിൽ കാണുന്നുണ്ട്. എന്നാൽ അതിനു ശേഷം കൈവശക്കാരൻ വാടകക്കരാർ പുതുക്കിയതായോ, വാടക ഒടുക്കിയതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തീയതിക്കു ശേഷം നാളിതുവരെ ടിയാൾ വാടക ഒടുക്കിയിട്ടില്ല. വാടക കുടിശ്ശിക ഒടുക്കുന്നതിനുള്ള അറിയിപ്പ് നൽകുന്നത് 17-12-2016-ന് മാത്രമാണ്. മിനി വ്യവസായ ബൈലോ, ഖണ്ഡിക 19 പ്രകാരം മുറി അനുവദിക്കപ്പെട്ടയാൾ പ്രതിമാസ വാടക അതാതു മാസം 5-ാം തീയതിക്കകം പഞ്ചായത്ത് ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഇതിനു വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ പണം അടയ്ക്കുന്ന തീയതിവരെയുള്ള കാലത്തേക്ക് 18% പിഴ പലിശയോടു കൂടി സംഖ്യ അടയ്ക്കേണ്ടതാണ്. യാതൊരു കാരണവശാലും മൂന്ന് മാസത്തിൽക്കൂടുതൽ കുടിശ്ശിക അനുവദിക്കുന്നതല്ല. മാസവാടക നിശ്ചിത സമയത്തിനകം അടയ്ക്കാതിരുന്നാലും ഉടമ്പടിയിലെ നിബന്ധനകൾ ലംഘിച്ചാലും മുറി തുടർന്ന് ഉപയോഗിക്കുന്നതിനുള്ള അവകാശം റദ്ദ് ചെയ്യാൻ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ രണ്ടര വർഷക്കാലത്തോളം കൈവശക്കാർ വാടക ഒടുക്കാതിരുന്നിട്ടും, വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കാലവിളംബം വരുത്തിയിട്ടുണ്ട്. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 27-02-2017-ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11), മുൻകാല പ്രാബല്യത്തോടെ നിലവിലുള്ള വാടകയിൽ വർദ്ധനവ് വരുത്തി കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്നും, വാടക കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കുന്നതാണെന്നും, രജിസ്റ്ററുകൾ കൃത്യമായി എഴുതി സെക്രട്ടറിയെ കൊണ്ട് സാക്ഷ്യപ്പെടുത്തുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് വക മിനി വ്യവസായ എസ്റ്റേറ്റ് ബൈലോയിൽ നിർദ്ദേശിച്ചതനുസരിച്ച്, നിലവിലുള്ള വാടകയിൽ വർദ്ധനവ് വരുത്തി കുടിശ്ശിക സഹിതം ഈടാക്കാനും, വാടക കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കാനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും, അടവു വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-2 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട 86,200/- രൂപ ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല

2015-2016 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതു വരെയായും ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ നമ്പർ | ടെണ്ടർ ഫോറം വില |
|---|---|---|---|
| 1 | കഴക്കൽ-കുണ്ടേരി റോഡ് ടാറിംഗ് | 01/15-16 | 4,000 |
| 2 | കൊട്ടക്കാനം ഭൂതത്താൻകല്ല് റോഡ് ടാറിംഗ് | 02/15-16 | 6,000 |
| 3 | ആലത്തട്ട്-തേറടിത്തട്ട്-തിരുംകുളം റോഡ് ടാറിംഗ് | 03/15-16 | 4,000 |
| 4 | നെല്ലിപ്പാറ-പെരുനിലം റോഡ് ടാറിംഗ് | 04/15-16 | 6,000 |
| 5 | മൂന്നാംകുഴപ്പ് കവല-മൂന്നൂർ കൊച്ചി റോഡ് ടാറിംഗ് | 05/15-16 | 4,000 |
| 6 | വിമലശ്ശേരി-ഇക്കോനഗർ റോഡ് ടാറിംഗ് | 06/15-16 | 12,500 |
| 7 | ലഡാക്ക്-ചാമുണ്ടിക്കല്ല്-തിരുക്കാട് റോഡ് ടാറിംഗ് | 07/15-16 | 10,000 |
| 8 | പെരുമ്പടവ്-പങ്കച്ചിക്കാട് റോഡ് ടാറിംഗ് | 08/15-16 | 4,000 |
| 9 | പൂവ്വം പന്നിയൂർ റോഡ് ടാറിംഗ് | 09/15-16 | 10,000 |
| 10 | വെള്ളാട്ട് കൊല്ലി എസ്.സി കോളനി റോഡ് (MPLADS) ടാറിംഗ് | 10/15-16 | 4,000 |
| 11 | ശാന്തിപുരം-കാച്ചിറപ്പടി-ഉമരക്കാട് റോഡ് ടാറിംഗ് (MPLADS) | 11/15-16 | 5,600 |
| 12 | പെരുമ്പടവ്-കല്ല്യാണപുരം-വിളയാർകോട് റോഡ് ടാറിംഗ് | 12/15-16 | 1,600 |
| 13 | വിളയാർകോട് കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ട് വാൾ നിർമ്മാണം (ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്) | 13/15-16 | 1,500 |

| | | | |
|---|---|---|---|
| 14 | കോമ്പൗണ്ട് വാൾ നിർമ്മാണം-ഒട്ടവള്ളി സിഎച്ച്സി പാലിയേറ്റീവ് ബ്ലോക്ക് (ചപ്പാരപ്പടവ്ഗ്രാമപഞ്ചായത്ത്) | 14/15-16 | 3,000 |
| 15 | നെല്ലിപ്പറമ്പ കളിസ്ഥലം മെച്ചപ്പെടുത്തൽ | 15/15-16 | 10,000 |
| | ആകെ | | 86,200 |

ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫോറം വില ഇനത്തിലുള്ള 86,200/- രൂപ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 രസീത്,വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതുവായ അപാകങ്ങൾ

രശീതി ബുക്കുകൾക്കും, സാംഖ്യ രശീതികൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ പണം നേരിട്ട് ലഭിക്കുന്നതോ, നിർവ്വഹണോദ്യോഗസ്ഥർ മുഖേന ലഭിക്കുന്നതോ ആയ എല്ലാ പണം വരവുകൾകൾക്കും ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി വീഴ്ച കൂടാതെ രശീതി നൽകേണ്ടതുണ്ട്. ഈ ആവശ്യത്തിനു വേണ്ടി പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള രശീതി ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി മാത്രമേ പണം സ്വീകരിക്കുന്നതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാൻ പാടുള്ളൂ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഇപ്രകാരം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിൽ ചട്ടം 83 പ്രകാരം പഞ്ചായത്തിൽ രശീതി ബുക്കുകൾ ലഭിച്ച ഉടനെ എണ്ണുകയും, നമ്പരിടുകയും, ഫോറങ്ങൾക്കുള്ള സ്റ്റോക്ക് ബുക്കിൽ എഴുതിച്ചേർക്കുകയും ചെയ്യേണ്ടതാണ്. ഓരോ സ്റ്റോക്ക് ബുക്കിനും ക്രമ നമ്പർ നൽകണം. ഓരോ രശീതി ബുക്കിലുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറിയോ, അക്കൗണ്ടന്റോ, ഇക്കാര്യത്തിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പു വെയ്ക്കേണ്ടതാണ്. രശീതി ബുക്കുകൾ വിതരണം ചെയ്യുന്നത് അവയുടെ നമ്പർ ക്രമത്തിലായിരിക്കണം. സ്റ്റോക്ക് ബുക്കിൽ, രശീതി ബുക്ക് ലഭിച്ച ഉദ്യോഗസ്ഥൻ ഒപ്പിടുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം അക്കൌണ്ട്സ് ചട്ടം പാലിച്ചു കൊണ്ട് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയതായി കാണുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ കമ്പ്യൂട്ടർ രശീതികൾക്കും 2015-16 സാമ്പത്തിക വർഷം വരെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. നീല (അപേക്ഷ കൈപ്പറ്റുന്നതിന്), ചുകപ്പ് (പണം കൈപ്പറ്റുന്നതിന്) രശീതികളുടെ സ്റ്റോക്ക് വെവ്വേറെ എഴുതേണ്ടതാണ്. രശീതികൾ ഉപയോഗിച്ചതിന്റെയും നീക്കിയിരിപ്പിന്റെയും വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ വെവ്വേറെ എഴുതി സൂക്ഷിക്കേണ്ടതാണ്.

കൈയെഴുത്ത് രശീതികൾക്കും, കമ്പ്യൂട്ടർ രശീതികൾക്കും അക്കൌണ്ട്സ് ചട്ടം പാലിച്ചു കൊണ്ട് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വാഹന വാടക – ട്രിപ്പ് ഷീറ്റിൽ യാത്ര സംബന്ധിച്ച ആധികാരിക വിവരങ്ങൾ രേഖപ്പെടുത്താതെ വാടക നൽകി- 23,650/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിൽ 2015-16 വർഷം വിവിധ ഇനങ്ങളിലായി ഫണ്ട് വിനിയോഗിച്ചതുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ, വാഹന വാടക നൽകിയ വൗച്ചറിൽ താഴെ പറയും പ്രകാരം അപാകത കാണുന്നു.

പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിച്ച് വാടക നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വൗച്ചറുകൾക്ക് അനുബന്ധമായി സമർപ്പിച്ചിട്ടുള്ള ട്രിപ്പ് ഷീറ്റുകളിൽ, യാത്ര ചെയ്ത തീയതി, സമയം, യാത്ര ചെയ്ത ദൂരം, ഓരോ സ്ഥലത്തും എത്ര സമയം താമസം, യാത്രയുടെ തുടക്കം, അവസാനം, ആര് യാത്ര ചെയ്തു, യാത്രയുടെ ആവശ്യം എന്നീ അത്യാവശ്യ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽത്തന്നെ, ഓരോ യാത്രയ്ക്കും അനുവദനീയമായ തുക തന്നെയാണോ നൽകിയിട്ടുള്ളത് എന്നതിന് വ്യക്തത വരുത്താൻ സാധിച്ചിട്ടില്ല.

17-10-2014-ലെ ജി.ഒ.(പി)74/2014/ട്രാൻസ്പോർട്ട് ഉത്തരവ് പ്രകാരം 5 കി.മീ. വരെ മിനിമം ചാർജ്ജ് 150/- രൂപയും, അതിനു ശേഷം ഓരോ കി.മീറ്ററിനും 12/- രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. ട്രിപ്പ് ഷീറ്റിൽ ദൂരം രേഖപ്പെടുത്താതെയാണ് വാടക നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഡ്രൈവറുടെ പേര് | വണ്ടി നം. | തീയതി | ദൂരം (കി.മീ) | നൽകിയ തുക | ചെക്ക് നം./തീയതി |
|---|---|---|---|---|---|
| സിദ്ദിഖ്, മലബാർട്രാവൽസ്, തളിപ്പറമ്പ | KL-59B-9739 | 18-3-15 | - | 800/- | 001802/ 28-04-2015 |
| സത്യൻ.പി, പട്ടേരി ഹൗസ്, | KL-59-A-2525 | - | - | 1500/- | 001809/ 28-04-2015 |

| | | | | | |
|---|---|---|---|---|---|
| പൂമംഗലം | | | | | |
| -ടി- | KL-59-A-2525 | - | - | 1,000/- | ,, |
| മുരളീധരൻ പി.വി, ചെറുപുഴ | KL-59-E-2002 | 06-04-15 | - | 1,000/- | 001806/ 28-04-2015 |
| സത്യൻ പി, പട്ടേരി ഹൗസ്, പൂമംഗലം. | KL-59-F-5004 | - | - | 1,000/- | 002783/ 06-06-2015 |
| -ടി- | KL-59-A-2525 | - | - | 700/- | ,, |
| സിദ്ദിഖ് ബി. മലബാർ ട്രാവൽസ്, തളിപ്പറമ്പ | KL-59-B-9739 | 05-06-15 | - | 1,250/- | 002791/ 24-06-2015 |
| -ടി- | KL-59-B-9739 | 19-01-15 | - | 900/- | ,, |
| സി.കെ.അഷറഫ് | KL-59-D-1225 | 16-06-15 | - | 800/- | 003298/ 01-08-2015 |
| മുരളീധരൻ പി.വി, ചെറുപുഴ | KL-59-E-2002 | 02-07-15 | - | 2,700/- | 003299/ 01-08-2015 |
| സത്യൻ.പി, പട്ടേരിഹൗസ്, പൂമംഗലം | KL-59-F-5004 | 07-07-15 | - | 1,200/- | 003300/ 01-08-2015 |
| -ടി- | KL-59-B-9739 | 08-07-15 | - | 1,000/- | ,, |
| മുരളീധരൻ പി.വി, ചെറുപുഴ | KL-59-E-2002 | 22-08-15 | - | 1,500/- | 004047/ 30-11-2015 |
| -ടി- | KL-59-E-2002 | 07-06-15 | - | 3,000/- | 2558678/ 17-08-2015 |
| -ടി- | KL-59-E-2002 | 29-03-15 | - | 2,500/- | ,, |

| | | | | | |
|---|---|---|---|---|---|
| സിദ്ദിഖ് ബി, തളിപ്പറമ്പ | KL-59-B-9739 | 22-08-15 | - | 1,200/- | 003326/ 05-10-2015 |
| -ടി- | KL-59B-9739 | 29-09-15 | - | 800/- | ,, |
| -ടി- | KL-59B-9739 | 30-09-15 | - | 800/- | ,, |
| ആകെ | | | | 23,650/- | |

മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന യാത്രകൾക്ക് എന്തടിസ്ഥാനത്തിലാണ് വാടക നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി തൃപ്തികരമല്ല. 2014-15 വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം സംബന്ധിച്ച് പരാമർശിച്ചിരുന്നു. എന്നാൽ പ്രസ്തുത പരാമർശം മുഖവിലയ്ക്കെടുക്കാതെ തുടർവർഷങ്ങളിലും ഈ പ്രവണത തുടർന്നു വരികയാണ് ചെയ്തിട്ടുള്ളത്. ഇത് ഈ വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ അലംഭാവമായി ഓഡിറ്റിൽ വിലയിരുത്തുന്നു. വ്യക്തമായ രേഖകളില്ലാതെ വാഹന വാടകയിനത്തിൽ അനുവദിച്ച 23,650/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല

നിർവഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

2015-2016 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നിർവഹണം നടത്തിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ബ്ലോക്ക് വിഹിതമായി തുക അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിക്കാത്തതിനാൽ തുകയുടെ വിനിയോഗം നടന്നുവോയെന്ന് ഉറപ്പുവരുത്താനായിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക | ഡി ഡി നമ്പർ/തീയതി |
|---|---|---|---|
| 1 | കുരുവൻപൊയിൽ കുടിവെള്ളപദ്ധതി ബ്ലോക്ക് വിഹിതം നൽകൽ (പ്രൊ.നം-10/16) ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് | 2,11,411 | 887504/23-09-2015 |
| 2 | ഒറ്റത്തൈ ഉടുമ്പേരി റോഡിൽ ഒറ്റത്തൈ റോഡിന് കുറുകെ നടപ്പാലം(68/16). ആലക്കോട് ഗ്രാമപഞ്ചായത്ത് | 5,00,000 | 005905/08-04-2016 |
| | ആകെ | 7,11,411/- | |

ഗ്രാമപഞ്ചായത്തുകളിൽ നിന്നും തുക വിനിയോഗിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

സർക്കാരിന്റെ 12-04-2006 തീയതിയിലെ G.O(P)177/2006/Fin നമ്പർ ഉത്തരവ് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. താഴെപ്പറയുന്ന രജിസ്റ്ററുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1) പ്രോജക്ട് രജിസ്റ്റർ

2) പൂർത്തീകരണ പത്രം

3) ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ

4) ടെണ്ടർ സെയിൽ രജിസ്റ്റർ

5) സർക്കാരിലേക്ക് അടക്കുവാനുള്ള തുകകൾ സംബന്ധിച്ച രജിസ്റ്റർ

6) വർക്ക് ബിൽ രജിസ്റ്റർ

7) മെഷർമെന്റ് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ

8) മുൻകൂർ രജിസ്റ്റർ

9) മോണിറ്ററിംഗ് സാക്ഷ്യപത്രം

## 3-4 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ– നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇൻസിനറേറ്റർ തന്നെയാണോ സ്ഥാപിച്ചതെന്ന സാക്ഷ്യപത്രമില്ല.

നിർവഹണം : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, ഒട്ടവള്ളിത്തട്ട്)

2015-16 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ എന്ന പ്രൊജക്ട് സ്റ്റീൽ ടെക് കോർട്ട് സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് എന്ന സ്ഥാപനം ഏറ്റെടുത്ത് നടത്തുകയുണ്ടായി. വിവിധ നിരക്കുകളിലും സ്പെസിഫിക്കേഷനിലുമുള്ള ഇൻസിനറേറ്റർ വിതരണം ചെയ്യുന്ന പ്രസ്തുത സ്ഥാപനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സ്ഥാപിച്ച ഇൻസിനറേറ്റർ നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതാണോ എന്നത് സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയതായി കാണുന്നില്ല. തന്മൂലം സ്ഥാപിച്ച ഇൻസിനറേറ്ററിന്റെ ശേഷിയും മൂല്യവും ഉറപ്പു വരുത്താറായിട്ടില്ല. സർക്കാരിന്റെ ഔദ്യോഗിക ഏജൻസികളിൽ നിന്നോ (ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവ) എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നോ മൂല്യനിർണ്ണയം നടത്താത്തതാണ്.

## 3-5 ആസ്പത്രി മാനേജിംഗ് കമ്മറ്റി കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന്

## ഹാജരാക്കുന്നതിൽ വീഴ്ചകൾ: (മെഡിക്കൽ ഓഫീസർ, സിഎച്ച്സി)

2010-ലെ കേരള പഞ്ചായത്ത്‌രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം മാനേജിംഗ് കമ്മറ്റി നിലവിൽ വന്നു കഴിഞ്ഞാൽ അതിന്റെ ആദ്യ യോഗം ഒരു മാസത്തിനകവും, തുടർന്നുള്ള യോഗങ്ങൾ മൂന്നു മാസത്തിലൊരിക്കലും ചേരേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം 9 പ്രകാരം വാർഷിക കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഒട്ടുവള്ളിത്തട്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ മാനേജിംഗ് കമ്മറ്റി യോഗങ്ങൾ ചേരുന്നുണ്ടെങ്കിലും വാർഷിക കണക്കുകൾ തയ്യാറാക്കി ഇതുവരെയും (2004-05 മുതലുള്ളത്) ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 മിനി ട്രാക്ടർ ഉപയോഗിക്കാൻ ആരംഭിച്ചിട്ടില്ല- 5,92,560/- രൂപ തടസപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ : അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

പ്രൊജക്ട് നമ്പർ : 3/16

പ്രൊജക്ടിന്റെ പേര് : കാർഷിക യന്ത്രവത്ക്കരണം

അടങ്കൽ : 19,73,000/-

വികസന ഫണ്ട്- 14,79,750/-

ഗ്രാമപഞ്ചായത്ത്- 4,24,250/-

ഗുണഭോക്തൃ വിഹിതം-69,000

ബിൽ നം./തീയതി : 1/15-10-15 – 14,79,750/- രൂപ

മേൽ പദ്ധതിയുടെ ഭാഗമായി 5,92,560/- രൂപ ചെലവഴിച്ച് റെയ്ഡ്കോയിൽ നിന്നും മിനി ട്രാക്ടർ വാങ്ങി നടുവിൽ പഞ്ചായത്ത് കാർഷിക കർമ്മസേനയ്ക്ക് നല്കി. എന്നാൽ മിനി ട്രാക്ടറിന്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ് സംബന്ധിച്ച രേഖകൾ, ലോഗ് ബുക്ക്, ഉപയോഗ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല. മിനി ട്രാക്ടർ ഇതുവരെയും ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല എന്നാണ് അറിയിച്ചത്. മിനി ട്രാക്ടർ വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും പ്രയോജനപ്പെടുത്താൻ സാധിക്കാത്തതിന് കാരണം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/2015-2016 തീയതി:23-2-2017) മറുപടിയിൽ രജിസ്ട്രേഷൻ സംബന്ധിച്ച ചില നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതിനാൽ (രജിസ്ട്രേഷൻ കൃഷി ഓഫീസറുടെ പേരിൽ വ്യക്തിപരമായാണ് ചെയ്തത്. ഇത് ഔദ്യോഗികമായി മാറ്റുന്നതിന് വേണ്ടി അപേക്ഷിച്ചതിനാൽ) ഇതുവരെയും മിനി ട്രാക്ടർ ഉപയോഗിച്ചിട്ടില്ലെന്ന് അറിയിച്ചു. വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും മിനി ട്രാക്ടർ ഇതുവരെയും ഉപയോഗിച്ചിട്ടില്ലെന്നത് നിരുത്തരവാദിത്വപരമാണ്. ഇത് എത്രയും പെട്ടെന്ന് ഉപയോഗം

ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രസ്തുത കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 5,92,560/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## **3-7** ഐ.എ.വൈ പദ്ധതി- ലഭിക്കാനുള്ള സംസ്ഥാന വിഹിതം **2,35,81,000/-** രൂപ -സംസ്ഥാനസർക്കാർ വിഹിതം ലഭിക്കാത്തതിനാൽ പദ്ധതിനിർവഹണം തടസ്സപ്പെടുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ഐ.എ.വൈ.ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട് 2012-13 മുതൽ 2015-16 വരെ കാലയളവിലുള്ള ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം ലഭ്യമാവാത്തതിനാൽ ധനസഹായം മുഴുവനായും നല്കാൻ സാധിച്ചിട്ടില്ല. ഇതിൽ പലരും ഭവന നിർമ്മാണം പൂർത്തീകരിച്ചവരാണ്. മേൽ തുക ലഭ്യമാവാത്തതിനാൽ പണി പൂർത്തീകരിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കളും ഉണ്ട്.

സംസ്ഥാന വിഹിതം ലഭ്യമാവാത്ത ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 2012-13 | 7 |
| 2013-14 | 166 |
| 2014-15 | 258 |
| 2015-16 | 214 |
| ആകെ | 645 |

ഇതിൽ 426 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചവരാണ്. ബാക്കിയുള്ള 219 പേർ (7+45+76+91) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

മേൽ പറഞ്ഞ പ്രകാരം 645 ഗുണഭോക്താക്കൾക്കായി ആകെ 2,35,81,000/- രൂപ സംസ്ഥാന സർക്കാരിൽ നിന്നും അധിക ധനസഹായമായി 2015-16 വരെയുള്ള കണക്ക് പ്രകാരം ലഭിക്കാനുണ്ട്. ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-8** ഐ.ഡബ്ല്യു.എം.പി.പദ്ധതി-ആകെ ചെലവ് അഞ്ച് ശതമാനത്തിൽ താഴെ മാത്രം.നടപടിക്രമങ്ങൾ പാലിക്കാതെ ചെലവഴിച്ച **60,000/-** രൂപ തടസപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ഐ.ഡബ്ല്യു.എം.പി.$6^{th}$ ഫേസ് പദ്ധതി 2014-ൽ ആരംഭിച്ചെങ്കിലും ഇതു വരെയായിട്ടും ആകെ ഫണ്ട് അലോട്ട് ചെയ്തതിന്റെ അഞ്ച് ശതമാനത്തിൽ താഴെ മാത്രമാണ് ചെലവ്

നടന്നത്.

ആകെ അലോട്ട്മെന്റ് – 7,18,05,000

ചെലവ് (31-03-16 വരെ) – 20,32,583

ചെലവ് ശതമാനം - 2.83

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. പദ്ധതി പ്രവർത്തനങ്ങൾ ഇത്രയും മന്ദഗതിയിലായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പഠന പര്യടന യാത്രയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചതിന് വാഹന വാടക 60,000/- രൂപ (ചെക്ക് നമ്പർ-002037/29-05-15) സന മോട്ടേഴ്സ്, തളിപ്പറമ്പിന് നല്കി. ആയതിന്റെ ക്വട്ടേഷൻ നോട്ടീസ്, ലഭിച്ച ക്വട്ടേഷനുകൾ എന്നിവ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 60,000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-9 കേന്ദ്രഫണ്ടുകൾ അക്കൌണ്ടിൽ ചെലവഴിക്കാതെ നിഷ്ക്രിയമായി കിടക്കുന്നു

സ്ഥാപനത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ താഴെ പറയുന്ന കേന്ദ്ര ഫണ്ടുകൾ അക്കൌണ്ടിൽ ചെലവഴിക്കാതെ ബാക്കിയുള്ളതായി കണ്ടു. (ബി.4 ഷെഡ്യൂൾ ഓഫ് ബാലൻസ് ഷീറ്റ്)

| ഫണ്ട് | ഹെഡ് ഓഫ് അക്കൌണ്ട് | ബാക്കിയുള്ള തുക |
|---|---|---|
| എസ്.ജി.എസ്.വൈ. | 320100102 | 3,31,467 |
| ഐ.ഡബ്ല്യു.ഡി.പി. | 320100103 | 2,57,994 |
| പൈക്ക | 320100126 | 2,99,280 |
| ഐ.ഡബ്ല്യു.എം.പി. | 320100118 | 1,77 ,164 |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 12/2015-2016 തീയതി : 28-2-2017 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

മേൽ പദ്ധതികൾ പൂർത്തിയായോ എന്നും തുക നിഷ്ക്രിയമായി അക്കൌണ്ടിൽ നിലനിൽനിൽക്കാനുള്ള കാരണവും സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 2015-16 | 12668208 | 12668208 | ഐ എ വൈ ഭവനനിർമ്മാണം | 12668208 | 0 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2015-16 | 24018445 | 31622445 | ഐ എ വൈ ഭവനനിർമ്മാണം | 25264400 | 6358045 |

കുറിപ്പ്: ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത്. ഇതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഇല്ല. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ മുൻവർഷങ്ങളിൽ നൽകിയ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവു വന്ന തുകയുടെയുംവായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | മുതൽ | പലിശ |
| 2015-16 | ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(എം.എസ്). നം.207/2009 തസ്വഭവ തീയതി07-11-2009 | 5000000 | 3354341 | 500000 | - | 2854341 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഐഎ വൈ ഭവനപദ്ധതി | സ.ഉ(കൈ). നം.115/2013 തസ്വഭവ തീയതി 07-11-2009 | 6900000 | 5500000 | 700000 | - | 4800000 | - |

ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത്. വായ്പ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. വായ്പാ നീക്കിയിരിപ്പ് തുക വാർഷിക കണക്കുകളുമായും ബാങ്ക് നീക്കിയിരിപ്പുകളുമായും പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 17 | 2004-05 | 3-13(11)2 | പദ്ധതി പ്രവർത്തന ചെലവ് | നിയമസഭ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 23,11,26,677 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 22,67,69,751 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 6,76,210 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 23,650 | കെ.പ്രദീപൻ, സെക്രട്ടറി |
| 3-6 | 5,92,560 | അനില കെ,<br>അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| 3-8 | 60,000 | കെ.പ്രദീപൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നഷ്ടത്തിനുത്തരവാദികളായവരുടെ ഔദ്യോഗിക മേൽവിലാസവും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനില.കെ,<br>അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | അസിസ്റ്റന്റ് പ്രിൻസിപ്പൽ<br>കൃഷി ഓഫീസർ, കണ്ണൂർ | നിർമ്മാല്യം,<br>കൊമ്പ്രക്കാവ്,<br>പള്ളിക്കുന്ന്.(പി.ഒ),<br>കണ്ണൂർ |
| കെ.പ്രദീപൻ,<br>സെക്രട്ടറി | എഡിസി<br>(ജനറൽ, കണ്ണൂർ) | പ്രതീക്ഷ,<br>നിയർ ജനകീയ<br>വായനശാല,<br>കുറ്റിക്കോൽ, തളിപ്പറമ്പ. |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽഎഫ്/കെഎൻആർ/ഡി2/1071/12(1) 30-06-2012 | 6 |
| 2002-03 | എൽഎഫ്/കെഎൻആർ/ഡി2/1071/12(2) 30-06-2012 | 7 |
| 2003-04 | എൽഎഫ്/കെഎൻആർ/ഡി2/1071/12(3) 30-06-2012 | 6 |
| 2004-05 | എൽഎഫ്/കെഎൻആർ/ഡി2/1071/12(4) 30-06-2012 | 3 |
| 2005-06 | എൽഎഫ്/കെഎൻആർ/ഡി2/1071/12(5) 30-06-2012 | 4 |
| 2006-07 | എൽഎഫ്/കെഎൻആർ/ഡി2/1071/12(6) 30-06-2012 | 2 |
| 2007-08 | എൽഎഫ്/കെഎൻആർ/ഡി2/1071/12(7) 30-06-2012 | 5 |
| 2008-09 | എൽഎഫ്/കെഎൻആർ/സി4/ 490/2012 19-12-2012 | 7 |
| 2009-10 | എൽഎഫ്/കെഎൻആർ/സി4/490/2012 19-12-2012 | 9 |
| 2010-11 | എൽഎഫ്/കെഎൻആർ/സി4/490/2012 19-12-2012 | 10 |
| 2011-12, 2012-13 | എൽഎഫ്/കെഎൻആർ/ഡി1/1995/2014 18-12-2014 | 6 |
| 2013-14, 2014-15 | എൽഎഫ്/കെഎൻആർ/ഡി.1/475/16 19-05-2016 | 25 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

PVP

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSA/KNR/C3/304/2017.

Kerala State Audit Department
District Audit Office, Kannur-670 001
Phone: 0497 2707698
e-Mail:doknr.ksad@kerala.gov.in
Dt: 23-03-2017.

Certified that I have audited the annual Financial Statement of Taliparamba Block Panchayat in Kannur District for the year ended on 31-03-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of Taliparamba Block Panchayat for the year 2015-16 except the observation in my audit report properly presents the picture of income and expenditure.

Senior Deputy Director,
District Audit Office, Kannur.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ/കെ.എൻ.ആർ/സി.3/304/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001.
ഫോൺ:0497 2707698.
ഇ-മെയിൽ:doknr.ksad@kerala.gov.in
തീയ്യതി: 23-03-2017.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാ വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.